I/118569/2023

"ഭരണഭാഷ-മാതൃഭാഷ"

No.-DWCD/3358/2023-PC1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 03-10-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471−2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ക്ഷേമസ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാറുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- ഈ കാര്യാലയത്തിലെ 02.09.2023 തീയതിയിലെ ഇതേ നമ്പർ കത്ത്

വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന ഒരു വർഷം കരാർ കാലാവധി പൂർത്തീകരിച്ച മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിലവിൽ ക്ഷേമസ്ഥാപനങ്ങളിൽ നിന്നും സ്ഥാപനസൂപ്രണ്ടുമാർ നേരിട്ട് ഡയറക്ടറേറ്റിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുയാണ് ചെയ്യുന്നത്. ടി പ്രൊപ്പോസൽ അംഗീകരിക്കാൻ സാധിക്കുന്നതല്ല.

ആയതിനാൽ പ്രസ്തുത ജീവനക്കാരുടെ ഒരു വർഷത്തെ സേവനം സംബന്ധിച്ച ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ റിപ്പോർട്ടും ശുപാർശ കത്തും സഹിതം പ്രൊപ്പോസലുകൾ അടിയന്തിരമായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
for,വനിത ശിശു വികസന ഡയറക്ടർ